I/73938/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. പ്രിയങ്ക ജി. IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് –2023 ജനുവരി 24-ദേശീയ ബാലിക ദിനം ആചരിക്കുന്നത് - തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 02.08.2022 തീയതിയിലെ സ.ഉ(സാധാ)നം.352/2022/വ.ശി.വി.വ നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നം. DWCD/5753/2022-WEC4; തീയതി: 30-12-2022</u>**

എല്ലാ വർഷവും ജനുവരി 24 തീയതിയിൽ ദേശീയ ബാലിക ദിനം വകുപ്പ് തലത്തിൽ ആചരിച്ചു വരുന്നു. ആയത് 2023 ജനുവരി 24 തീയതിയിലും വിവിധ പരിപാടികൾ ഉൾപ്പെടുത്തി ജില്ല തലത്തിലും സംസ്ഥാന തലത്തിലും സമുചിതമായി ടി പരിപാടി ആചരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നതിന് അനുമതി നൽകി പരാമർശ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ടി സാഹചര്യത്തിൽ 2023 ജനുവരി 24 തീയതിയിലെ ദേശീയ ബാലിക ദിനാചരണം ജില്ല തലത്തിൽ സംഘടിപ്പിക്കുന്നതിന് അനുമതി നൽകിയും ടി ആവശ്യത്തിലെയ്ക്കായി ഒരു ജില്ലയ്ക്ക് 10,000/- രൂപ വീതം എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കുമായി ആകെ 1,40,000/- രൂപ അനുവദിച്ച് ഉത്തരവാകുന്നു. ടി ദിനാചരണ പരിപാടി ജില്ല വനിത ശിശു വികസന ഓഫീസർമാരുടെ നേതൃത്വത്തിൽ ജില്ല ശിശു സംരക്ഷണ യൂണിറ്റിന്റെ സഹകരണത്തോടെ ചുവടെ ചേർത്തിട്ടുള്ള പരിപാടികൾ ഉൾപ്പെടുത്തി സംഘടിപ്പിക്കേണ്ടതാണ്.

1.സ്കൂൾ കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തി എല്ലാ സ്കൂളുകളിലും വിദ്യാർത്ഥികൾക്ക് Carrier Guidance ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. ഈ ആവശ്യത്തിനു ഫണ്ട് ആവശ്യമുള്ള പക്ഷം PTA മുഖേന ലഭ്യമാക്കാവുന്നതാണ്.

2.ശൈശവവിവാഹത്തിനെതിരെയും ടി നിയമത്തിലെ ശിക്ഷാ നടപടികൾ സംബന്ധിച്ചും ബോധവത്കരണം, അതിജീവിതരുടെ ടോക്ക് ഷോ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

3. പ്രണയ പകയ്ക്കെതിരെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

4. ശൈശവ വിവാഹം മുൻകൂട്ടി അറിയിക്കുന്നവർക്ക് പാരിതോഷികം നൽകുന്ന പൊൻ വാക്ക് പദ്ധതിയ്ക്ക് കൂടുതൽ പ്രചരണം നൽകേണ്ടതാണ്.

5.അങ്കണവാടികളിലെ വർണ്ണക്കൂട് , AG Club എന്നിവയിലൂടെ വിവിധപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

ടി ദിനാചരണം സംഘടിപ്പിക്കുന്നതിനുള്ള തുക നടപ്പ് സാമ്പത്തിക വർഷം 2235-02-103-68-02-34-03(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

DWCD/5753/2022-WEC4

I/73938/2022

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ് : എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും.

1. സൂപ്രണ്ട്, അക്കൌണ്ട്സ് സെക്ഷൻ(അലോട്ട്മെന്റ് അനുവദിക്കുന്നതിനായി)
2. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Signed by Priyanka G
Date: 30-12-2022 11:40:52